MAY 2025 **U/ID 30731/ULD4A**

Time : Three hours Maximum : 75 marks

PART A — (10 × 2 = 20 marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. കിരീടങ്ങൾക്കു ഭാരം കുറയും - ഇവിടെ അർത്ഥമാക്കുന്നതെന്താണ്?

2. ഊറിയായുടെ മരണവൃത്താന്തമറിയുന്ന ബത്ത്ശേബയുടെ പ്രതികരണമെന്ത്?

3. ഞാനിപ്പോൾ വിശപ്പു തന്നെയാണ് എന്നു പറയുന്നതാര്? കാരണമെന്ത്?

4. ഇസഹാക്കിന്റെ നാക്കിന്റെ മൂർച്ച വാളിനു മുണ്ടായിരുന്നെങ്കിൽ എന്ന് ചിന്തിക്കുന്നതാര്? എന്തുകൊണ്ട്?

5. വേദനയോടെയാണെങ്കിലും ആ അധ്യായ മവസാനിച്ചു. ഇനി ലോകം നമുക്കു സ്വതന്ത്ര മാണ് - ആരുടെ വാക്കുകൾ? സന്ദർഭമേത്?

6. അങ്ങ് സഖിയെയാണ് തേടിയതെങ്കിൽ കണ്ടെത്തിയ സമ്പ്രദായം നല്ലതല്ല - ബത്ത്ശേബയുടെ ഈ അഭിപ്രായത്തിന് കാരണമെന്ത്?

7. ദേവയാനി എന്ന കഥാപാത്രത്തിന് കഥയിലുള്ള പ്രസക്തിയെന്ത്?

8. പ്രഭാകരൻപിള്ള എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുന്ന ആദ്യരംഗത്തിന്റെ പ്രത്യേകതകളെഴുതുക.

9. കുന്നുംപുറത്തെ ദേവയാനിക്ക് ഒന്നുമില്ല - ഇങ്ങനെ പറയുന്ന സന്ദർഭമേത്?

10. എത്രകാലം മനുഷ്യർ കശാപ്പുകൊണ്ട് ആത്മശാന്തി നേടും - ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത്?

11. ഒരു പെങ്കൊച്ചിന്റെ ജന്മം തൊലച്ചാ മൂന്നു മാസമേ ഒള്ളോ ശിക്ഷ - ആരുടെ വാക്കുകൾ? സന്ദർഭമേത്?

12. പ്രഭാകരപിള്ളയും രാമനും തമ്മിലുള്ള സംഘർഷത്തിന് കാരണമെന്ത്?

PART B — ($5 \times 5 = 25$ marks)

അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. ഊറിയാ പോയി വരൂ. രാജകൽപ്പനയ്ക്കു ഭടന്മാർ കാരണമന്വേഷിക്കാറില്ല. യോവാബ് ഇങ്ങനെ പറയുന്നതെന്തുകൊണ്ട്? എപ്പോൾ?

14. ദാവീദ് ഒരു മികച്ച കഥാപാത്രമാണോ? നിങ്ങളുടെ അഭിപ്രായമെഴുതുക.

15. ബത്തേശേബ, ഞാനൊരു ഏകാന്തനാണ്. ഒരു ജനക്കൂട്ടത്തിന്റെ മധ്യത്തിലെ ഏകാകി. - ദാവീദ് ഇങ്ങനെ പറയാൻ കാരണമെന്ത്? വിശദമാക്കുക.

16. ശത്രുവിനെ എറിഞ്ഞു കൊല്ലുന്നത് ഇടയക്കുട്ടികൾക്കു ചേരും സന്ദർഭമെഴുതി വിശദീകരിക്കുക.

17. നാടകവും സിനിമയും തമ്മിൽ ഏതെല്ലാം ഘടകങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?

18. വിശ്വംഭരന് കഥയിലുള്ള സ്ഥാനമെന്ത്? അയാളുടെ സ്വഭാവത്തെക്കുറിച്ച് വിശദീകരിച്ചെഴുതുക.

19. തിരക്കഥയ്ക്ക് സിനിമയിലുള്ള സ്ഥാനത്തെക്കുറിച്ച് പെരുവഴിയമ്പലത്തിലെ സന്ദർഭങ്ങളെ ആസ്പദമാക്കി വിശദമാക്കുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. ദുരന്താനുഭവങ്ങൾ പാപഫലമാണെങ്കിലും ദാവീദ് രാജാവ് മഹാനായിത്തീരുന്നു - വിലയിരുത്തുക.

21. ബൈബിളിലെ കഥയാണ് പ്രമേയമായി സ്വീകരിക്കുന്നതെങ്കിലും എല്ലാക്കാലത്തെയും മനുഷ്യജീവിതസംഘർഷങ്ങളിലേക്ക് ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തെ ചേർക്കാനാവും - പരിശോധിക്കുക.

22. മികച്ച മലയാളചലച്ചിത്രത്തിനുള്ള ദേശീയപുരസ്കാരത്തിന് പെരുവഴിയമ്പലത്തെ അർഹമാക്കിയ സവിശേഷതകൾ എന്തെല്ലാം? വിശദീകരിക്കുക.

23. തിരക്കഥാരചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? പെരുവഴിയമ്പലത്തെ അടിസ്ഥാനമാക്കി എഴുതുക.

24. തിരക്കഥയിൽനിന്ന് സിനിമയ്ക്കുവേണ്ട എല്ലാ ഘടകങ്ങളും കണ്ടെത്താനാവുമോ? ചർച്ച ചെയ്യുക.
